# ചാലക്കുടിപ്പുഴയുടെ ഭാവിക്ക് വേണ്ടി ഒരു തെരഞ്ഞെടുപ്പ് പ്രചരണം

**ജെയ്സൺ പാനിക്കുളങ്ങര**
(ചാലക്കുടി, 2052 വോട്ട്)

**ലോകസഭാ തെരഞ്ഞെടുപ്പ് പോലെ നിരവധി പരിഗണനകൾ വോട്ടർമാർക്ക് മുന്നിലെത്തുന്ന ഒരു കാലത്ത് കാതിക്കുടം സമരമസമിതി തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്നതിലൂടെ എന്താണ് പ്രതീക്ഷിച്ചിരുന്നത്?**

ലോകസഭാ തെരഞ്ഞെടുപ്പ് പോലെ വിശാലമായ ഒരു കാൻവാസിൽ ചർച്ച ചെയ്യേണ്ട വിഷയം തന്നെയാണ് ഞങ്ങൾ തെരഞ്ഞെടുപ്പ് പ്രചരണത്തിന്റെ ഭാഗമായി മുന്നോട്ട് വച്ചത്. ശുദ്ധമായ വെള്ളത്തിനും വായുവിനും മണ്ണിനും വേണ്ടി ഒരു വോട്ട് എന്നതായിരുന്നു ഞങ്ങളുടെ മുദ്രാവാക്യം. അത് ഒരു പ്രാദേശിക വിഷയമല്ല. കാതിക്കുടം സമരം ഉന്നയിക്കുന്ന വിഷയത്തിന് തെരഞ്ഞെടുപ്പിലൂടെ കുറച്ചൂകൂടി വിശാലമായ ഒരു പാരിസ്ഥിതിക മാനം നൽകാനാണ് ഞങ്ങൾ ശ്രമിച്ചത്. കാതിക്കുടമെല്ലാം ഒരു പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഉന്നയിക്കേണ്ട വിഷയമല്ലേ എന്നാണ് പലരും ചോദിക്കുന്നത്. പാരിസ്ഥിതിക വിഷയങ്ങളെ അത്തരത്തിൽ ചുരുക്കുന്നത് ശരിയല്ല എന്നതുകൂടിയാണ് ഞങ്ങൾ മുന്നോട്ട് വയ്ക്കാൻ ഉദ്ദേശിക്കുന്ന രാഷ്ട്രീയം. ഏഴ് വർഷമായി ആക്ഷൻ കൗൺസിലിന്റെ മുൻകൈയിൽ കാതിക്കുടത്ത് തുടർച്ചയായി സമരം നടക്കുന്നുണ്ട്. ഇതിനിടയിൽ, കാതിക്കുടം ജനത ഉന്നയിക്കുന്ന വിഷയങ്ങളോട് നിഷേധാത്മക സമീപനം പുലർത്തുന്ന രാഷ്ട്രീയ കക്ഷികൾ തെരഞ്ഞെടുപ്പ് സമയമാകുമ്പോൾ ജനങ്ങളുടെ വോട്ട് അവർക്ക് അനുകൂലമായി തട്ടിയെടുക്കുന്ന സ്ഥിതിയാണ് നിലനിൽക്കുന്നത്. അതിന് തടയിടുക എന്നതും ഞങ്ങൾ ഉദ്ദേശിച്ചിരുന്നു.

**ഒരുപാട് രാഷ്ട്രീയ സംഘടനകൾ കാതിക്കുടം സമരത്തിൽ പങ്കാളികളായിട്ടുണ്ട്. അവരെ നിങ്ങളുടെ സമീപനം പ്രതിസന്ധിയിലാക്കിയിരുന്നോ?**

പല രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥിത്വം പിൻവലിക്കണമെന്ന് പറഞ്ഞ് സമീപിച്ചിരുന്നു. എന്നാൽ കക്ഷിരാഷ്ട്രീയത്തിന് അതീതമായ ഒരു വിഷയമായി കാതിക്കുടം അവതരിപ്പിക്കപ്പെടണം എന്ന തീരുമാനം ഞങ്ങൾക്കുണ്ടായിരുന്നു. അതുകൊണ്ട് ആരുമായും ചർച്ചയ്ക്ക് തയ്യാറായില്ല. സമരത്തെ പിന്തുണയ്ക്കുന്ന രാഷ്ട്രീയപാർട്ടിക്ക് വോട്ടു ചെയ്യുക എന്നതിലേക്ക് കാതിക്കുടത്തിന്റെ വിഷയം ചുരുക്കാൻ ഞങ്ങൾ ഉദ്ദേശിക്കുന്നുണ്ടായിരുന്നില്ല. ചാലക്കുടിപ്പുഴ മലിനീകരിക്കപ്പെടരുത് എന്ന കാര്യത്തിൽ എല്ലാ പാർട്ടികൾക്കും നിലപാടെടുക്കേണ്ടതായും വന്നു. പ്രചരണ പരിപാടികളിൽ എല്ലാ പാർട്ടികളും കാതിക്കുടം ജനതയ്ക്ക് അനുകൂലമായി സംസാരിച്ചു. ഒരു പക്ഷെ, സ്ഥാനാർത്ഥിത്വത്തിലൂടെയുള്ള ഈ സമ്മർദ്ദതന്ത്രം ഞങ്ങൾ ഉപയോഗിച്ചിരുന്നില്ലെങ്കിൽ കാതിക്കുടത്തെക്കുറിച്ച് ആരും സംസാരിക്കാൻ സാധ്യതയില്ല.

**എൻ.ജി.ഐ.എൽ കമ്പനിക്കെതിരെ നടക്കുന്ന സമരത്തെക്കുറിച്ചാണോ പ്രചരണത്തിൽ മുഖ്യമായും സംസാരിച്ചത്?**

സമരത്തിന്റെ കാര്യം പ്രചരണത്തിലെമ്പാടും പറഞ്ഞിരുന്നു. എന്നാൽ പ്രധാനമായും ചാലക്കുടിപ്പുഴ മലിനീകരിക്കാൻ അനുവദിക്കരുത് എന്നതരത്തിലാണ് വിഷയം അവതരിപ്പിച്ചത്. കാരണം ചാലക്കുടി ലോകസഭ മണ്ഡലത്തിന്റെ കാര്യമെടുത്താൽ പൂർണ്ണമായും ഈ മണ്ഡലത്തിലൂടെ ഒഴുകുന്ന പുഴയാണ് ചാലക്കുടിപ്പുഴ. കിഴക്ക് മലക്കപ്പാറ മുതൽ പടിഞ്ഞാറ് കൊടുങ്ങല്ലൂർ വരെയുള്ള ചാലക്കുടിപ്പുഴയുടെ ഒഴുക്ക് ഈ മണ്ഡലത്തിലൂടെയാണ്. അഞ്ച് ലക്ഷം ജനങ്ങളുടെ കുടിവെള്ള സ്രോതസ്സാണ് ഈ പുഴ. അതിനാൽത്തന്നെ ചാലക്കുടിപ്പുഴ മലിനീകരിക്കപ്പെടുന്നു എന്നത് ചാലക്കുടി മണ്ഡലത്തിലെ ഒരു പ്രധാനവിഷയമാണ്. പുഴ ഏറ്റവും കൂടുതൽ മലിനീകരിക്കപ്പെടുന്നത് കാതിക്കുടത്തെ എൻ.ജി.ഐ.എൽ കമ്പനി പുഴയിലേക്ക് ഒഴുക്കുന്ന മാലിന്യങ്ങൾ കാരണമാണ്. പുഴയിലേക്ക് മാലിന്യമൊഴുക്കിക്കൊണ്ട് കമ്പനി അവിടെ പ്രവർത്തിക്കാൻ അനുവദിക്കില്ല എന്നതാണ് സമരത്തിന്റെ നിലപാട്. ആകെയുള്ള 110 തൊഴിലാളികളുടെ പേരുപറഞ്ഞാണ് എൻ.ജി.ഐ.എൽ കമ്പനി പുഴയെ കൊന്നൊടുക്കുന്നത്. കമ്പനിയിരിക്കുന്ന വാർഡിൽ പോലും കാതിക്കുടം സമരത്തിന്റെ പ്രതിനിധിയാണ് വിജയിച്ചിരിക്കുന്നത്. പഞ്ചായത്ത് ഭരണസമിതി കമ്പനിക്ക് എതിരാണ്. അങ്ങനെ ഒരുവിധത്തിലും നാടിന് വേണ്ടാത്തെ കമ്പനിയെയാണ് തൊഴിലാളി പ്രശ്നത്തിന്റെ

*⇨ ആം ആദ്മിയിൽ ചേർന്നാൽ മാത്രമെ പിന്തുണയ്ക്കൂ എന്നതായിരുന്നു അവരുടെ നിലപാട് ⇨*



ജെയ്സൺ പാനിക്കുളങ്ങര പ്രചരണത്തിൽ

പേരുപറഞ്ഞ് ഇടത്-വലത് മുന്നണികൾ അനുകൂലിക്കുന്നത്. വികസനത്തിന്റെ പേരിൽ പുഴ മലിനീകരിക്കുന്ന കമ്പനിയെ വെറുതേ വിടാൻ കഴിയുന്ന സാഹചര്യമല്ല നമുക്ക് മുന്നിലുള്ളത്. അതുകൊണ്ടാണ് പുഴയെ ആശ്രയിക്കുന്ന ലക്ഷക്കണക്കിന് ജനങ്ങളുടെ പ്രശ്നം ഉന്നയിച്ചുകൊണ്ട് ഞങ്ങൾ തെരഞ്ഞെടുപ്പിനെ സമീപിച്ചത്.

**രാഷ്ട്രീയ പാർട്ടികളുടെയൊന്നും ബാനറില്ലാതെ സ്വതന്ത്രമായി മത്സരിക്കാൻ നിങ്ങൾ തീരുമാനിച്ചതായി പറഞ്ഞു. എന്നാൽ ആം ആദ്മി പാർട്ടി വേറിട്ട ഒരു സാധ്യതയായിരുന്നില്ലേ? ജനകീയ സമരങ്ങളെ പ്രതിനിധീകരിക്കുന്ന മേധാ പട്കറും ഉദയകുമാറുമെല്ലാം ആം ആദ്മിയുടെ സ്ഥാനാർത്ഥികളായി തെരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ചല്ലോ. ഒരു പക്ഷെ സമരങ്ങൾക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്ന ഒരു പ്ലാറ്റ്ഫോമായിരുന്നില്ലേ അത്?**

ആം ആദ്മി ജനകീയ സമരങ്ങളുടെ ഒരു പ്ലാറ്റ്ഫോമല്ല. അവർക്ക് അങ്ങനെയൊരു സമീപനമുണ്ടെന്ന് തോന്നുന്നില്ല. അങ്ങനെയാണെങ്കിൽ കാതിക്കുടത്ത് സമര സമിതി നിർത്തിയ സ്ഥാനാർത്ഥിയെ പിന്തുണയ്ക്കുകയായിരുന്നു അവർ ചെയ്യേണ്ടിയിരുന്നത്. ഞങ്ങളാണ് ആദ്യം സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചത്. എന്നാൽ ആം ആദ്മിയിൽ ചേർന്നാൽ മാത്രമെ പിന്തുണയ്ക്കൂ എന്നതായിരുന്നു അവരുടെ നിലപാട്. അത് ഞങ്ങൾക്ക് അംഗീകരിക്കാൻ കഴിയുന്ന കാര്യമായിരുന്നില്ല. സമരത്തെ പ്രതിനിധീകരിച്ച് ഒരു സ്ഥാനാർത്ഥി എന്ന ഞങ്ങൾ മുന്നോട്ട് വച്ച സങ്കൽപ്പം അതോടെ ഇല്ലാതെയാകും. സ്ഥാനാർത്ഥി പ്രഖ്യാപനത്തിന്റെ ഉദ്ദേശലക്ഷ്യത്തെപ്പോലും അത് ചോദ്യംചെയ്യും. ആം ആദ്മി പാർട്ടി കേരള ഘടകം രൂപീകരിക്കപ്പെട്ട ശേഷം അവർ ഏറ്റവും കൂടുതൽ ഇടപെട്ടിട്ടുള്ള സമരമാണ് കാതിക്കുടം. അവർ കേരളത്തിൽ ആദ്യമായി ഒരു സർവ്വെ നടത്തുന്നതും ഇവിടെയാണ്. അതിൽ 70 ശതമാനം ആളുകൾ കമ്പനി പൂട്ടണമെന്നും 99 ശതമാനം ആളുകൾ കമ്പനി മലിനീകരണം സൃഷ്ടിക്കുന്നു എന്നുമാണ് അഭിപ്രായപ്പെട്ടത്. കാതിക്കുടത്തെ സാഹചര്യം അത്രയ്ക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടും വർഷങ്ങളായി തുടരുന്ന കാതിക്കുടം സമരത്തിന്റെ ഒരു പ്രതിനിധിയെ പിന്തുണയ്ക്കാൻ അവർക്ക് തോന്നിയില്ല. ആദ്യചുവടുവയ്പ്പുകൾതന്നെ ആം ആദ്മി പാർട്ടിക്ക് പിഴച്ചു എന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്.

**പ്രചരണം എങ്ങനെയാണ് മുന്നോട്ട് പോയത്? പറയാനുദ്ദേശിച്ച കാര്യങ്ങൾ ജനങ്ങളിലേക്കെത്തിയതായാണോ വിലയിരുത്തൽ?**

മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങളെല്ലാം ബൂത്ത്തലത്തിൽ പ്രവർത്തകർക്ക് പണം കൊടുത്താണ് തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളെല്ലാം നടത്തുന്നത്. 15,000 രൂപ വരെ ഒരു വാർഡിൽ കൊടുക്കുന്നതായാണ് അറിയാൻ കഴിയുന്നത്. കാശുകിട്ടിയാലെ പാർട്ടി പ്രവർത്തകർ എന്ന് പറയുന്നവർ പ്രവർത്തനത്തിനിറങ്ങൂ എന്നതാണ് കേരളത്തിലെ അവസ്ഥ. എന്നാൽ സ്വന്തം കൈയ്യിൽ നിന്നും കാശുമുടക്കി പ്രചരണത്തിനിറങ്ങുന്ന നൂറോളം പേർ കാതിക്കുടത്ത് നിന്നുമുണ്ടായിരുന്നു എന്നതാണ് ഞങ്ങളുടെ ശക്തി. വലിയ പാർട്ടികളെ അപേക്ഷിച്ച് നോക്കുമ്പോൾ അവർ ചെറിയ സംഖ്യയായിരുന്നെങ്കിലും അവർ പ്രസരിപ്പിച്ച ഊർജ്ജമായിരുന്നു ഞങ്ങളുടെ കാമ്പയിനിന്റെ ശക്തി. പ്ലൈവുഡ് ഫാക്ടറി മലിനീകരണത്തിനെതിരെ സമരം ചെയ്യുന്ന കുറുപ്പംപടിയിലെ സേവ് രായമംഗലം സമിതി പിന്തുണ നൽകി. അങ്ങനെയുള്ള ചില ചെറിയ സമരങ്ങളുടെ പ്രവർത്തകരും പ്രചരണത്തിന് സഹായിച്ചു എന്നത് സന്തോഷമുള്ള കാര്യമാണ്. ടൗണുകൾ കേന്ദ്രീകരിച്ചുള്ള പൊതുയോഗങ്ങളാണ് ഏറെയും നടത്തിയത്. വീട് കയറിയുള്ള പ്രചരണം കാതിക്കുടത്ത് മാത്രമാണ് നടത്തിയത്. ജനങ്ങളോട് നേരിൽ സംസാരിക്കുമ്പോൾ അവരിൽ ബഹുഭൂരിപക്ഷം പേരും മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളിൽ വലിയ അതൃപ്തിയുള്ളവരാണ് എന്ന് മനസ്സലായി. ഇടത് അല്ലെങ്കിൽ വലതിന് വോട്ടുചെയ്യണം എന്ന ഒരു ഹിസ്റ്റീരിയയിലേക്ക് തെരഞ്ഞെടുപ്പ് അവരെക്കൊണ്ടെത്തിക്കുകയാണ്. വ്യവസ്ഥാപിത കക്ഷികളുടെ പ്രചരണ കോലാഹലങ്ങൾ അത്തര

ത്തിലുള്ള ഒരു തോന്നൽ ജനമനസ്സുകളിൽ സൃഷ്ടിക്കാനുതകും വിധമാണ് രൂപപ്പെടുത്തിയിരിക്കുന്നത്. കിട്ടിയ വോട്ടെല്ലാം ജനങ്ങളുടെ ആത്മാർത്ഥമായ പിന്തുണയാണ് എന്ന് പാർട്ടിക്കാർ വിശ്വസിക്കുന്നത് മൗഢ്യമാണ്. എന്നാൽ ഞങ്ങൾക്ക് കിട്ടുന്ന വോട്ട് തീർത്തും ആത്മാർത്ഥമായി ഞങ്ങൾക്ക് തരാനുദ്ദേശിച്ച് തന്നെ തരുന്നതാണ്. കോളേജ് കാമ്പസുകളിലെ കാമ്പയിനായിരുന്നു വലിയ ആശ്വാസം നൽകിയത്. ആലുവ യു.സി, കാലടി ശ്രീശങ്കര കോളേജ്, മാള ഫിസാറ്റ് കോളേജ് എന്നീ കാമ്പസുകളിൽ ഞാൻ പോയിരുന്നു. തെരഞ്ഞെടുപ്പ് പ്രചരണം എന്ന് കേട്ടപ്പോൾത്തന്നെ പലയിടത്തും കുട്ടികൾ ആദ്യം സംസാരിക്കാൻ തയ്യാറായിരുന്നില്ല. വ്യവസ്ഥാപിത രാഷ്ട്രീയ പാർട്ടിയുടെ സ്ഥാനാർത്ഥിയല്ല എന്ന് പറഞ്ഞ ശേഷമാണ് അവർ അവസം നൽകിയത്.

ഇടത് അല്ലെങ്കിൽ വലതിന് വോട്ടുചെയ്യണം എന്ന ഒരു ഹിസ്റ്റീരിയയിലേക്ക് തെരഞ്ഞെടുപ്പ് അവരെക്കൊണ്ടെത്തിക്കുകയാണ്. വ്യവസ്ഥാപിത കക്ഷികളുടെ പ്രചരണ കോലാഹലങ്ങൾ അത്തരത്തിലുള്ള ഒരു തോന്നൽ ജനമനസ്സുകളിൽ സൃഷ്ടിക്കാനുതകും വിധമാണ് രൂപപ്പെടുത്തിയിരിക്കുന്നത്

**താങ്കളുടെ സ്ഥാനാർത്ഥിത്വം സമരത്തിന്റെ പരിഹാരത്തിനായി നടക്കുന്ന ചർച്ചകളെ ഗുണപരമായി സ്വാധീനിക്കുമോ?**

ഒട്ടും ആത്മാർത്ഥതയില്ലാത്ത, കമ്പനി രക്ഷിക്കുന്നതിനായുള്ള ചർച്ചകളാണ് നാളുകളായി സർക്കാറും പ്രതിപക്ഷവും നടത്തുന്നത്. ഒരു ചർച്ചയിലും മുഖ്യമന്ത്രിയുടെ ഭാഗത്ത് നിന്ന് ഞങ്ങൾക്ക് അനുകൂലമായ തീരുമാനങ്ങളുണ്ടായിട്ടില്ല. 2013 ജൂലായ് 21ന് നടന്ന അതിക്രൂരമായ ലാത്തിച്ചാർജ്ജിനെ മുഖ്യമന്ത്രി വിളിച്ചുചേർത്ത ചർച്ചയിൽ പോലും സമരത്തിന് അനുകൂലമായി ഒരു തീരുമാനവുമുണ്ടായില്ല. വ്യവസായ മന്ത്രി കുഞ്ഞാലിക്കുട്ടിയാണ് അനുനയത്തിന് കുറച്ചുകൂടി ശ്രമിച്ചത്. തൃശൂർ രാമനിലയത്തിൽ വച്ച് സമരപ്രവർത്തകരുമായി അദ്ദേഹം നടത്തിയ കൂടിക്കാഴ്ചയിൽ മന്ത്രിയെന്ന നിലയിൽ സമയക്കുറവുള്ളതിനാൽ എനിക്ക് സമാനനായ മറ്റൊരു വ്യക്തിയെ വിശദമായ ചർച്ചയ്ക്ക് വേണ്ടി പറഞ്ഞയയ്ക്കുമെന്നും അദ്ദേഹവുമായി സംസാരിച്ച് പ്രശ്നങ്ങൾ പരിഹരിക്കണമെന്നും പറഞ്ഞു. ഞങ്ങളെ ഞെട്ടിച്ചുകൊണ്ട് മന്ത്രി കുഞ്ഞാലിക്കുട്ടിക്ക് സമാനനായി എത്തിയത് ഇടതുപക്ഷത്തിന്റെ നേതാവ് സെബാസ്റ്റ്യൻ പോളാണ്. ചാലക്കുടി ഗസ്റ്റ് ഹൗസിൽ വച്ച് നടന്ന ചർച്ചയിൽ സെബാസ്റ്റ്യൻ പോൾ കമ്പനിക്കും സർക്കാറിനും വേണ്ടി ഞങ്ങളോട് സംസാരിച്ചു. കാടുകുറ്റി പഞ്ചായത്തിന് ഒരു ശുദ്ധജല പ്ലാന്റ് നിർമ്മിച്ച് നൽകാമെന്നും കാടുകുറ്റി പഞ്ചായത്ത് പരിധിയിൽ കമ്പനിയുണ്ടാക്കിയ എല്ലാ കഷ്ടനഷ്ടങ്ങൾക്കും നഷ്ടപരിഹാരം നൽകാമെന്നുമുള്ള നിർദ്ദേശമാണ് അദ്ദേഹം മുന്നോട്ട് വച്ചത്. എന്നാൽ അതിലേറെ ഞെട്ടിച്ചത്, സമരസമിതി രക്ഷാധികാരിയായ എനിക്കും ആക്ഷൻ കൗൺസിൽ നേതാവായ അനിൽകുമാറിനും കൂടി 50 തൊഴിലാളികളെ കമ്പനിയിൽ ജോലിക്ക് വയ്ക്കാൻ അവസരം നൽകാം എന്ന് അദ്ദേഹം പറഞ്ഞതാണ്. സമരത്തെ ഒറ്റുകൊടുക്കുന്നതിനാണ് അദ്ദേഹം ഞങ്ങളോട് ആവശ്യപ്പെട്ടത്. ഇടതുപക്ഷവും വലതുപക്ഷവും ഒരുമിച്ചാണ് കമ്പനിക്ക് വേണ്ടി നീക്കുപോക്കുകൾ നടത്തുന്നതെന്ന് വ്യക്തമായി.

**സമരത്തിന്റെ തുടർച്ചകൾ എന്തെല്ലാമായിരിക്കും?**

കാതിക്കുടത്തെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി നീറി (നാഷണൽ എൻവിയോൺമെന്റ് എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) എന്ന സ്ഥാപനത്തെ സർക്കാർ നിയോഗിച്ചിരുന്നു. എൻ.ജി.ഐ.എൽ കമ്പനിയുടെ സഹായത്തോടെയാണ് നീറി പഠനം നടത്തിയത് എന്നതിനാൽ ഞങ്ങൾ ആ പഠനം അംഗീകരിക്കുന്നില്ല. ചാലക്കുടിപ്പുഴ മലിനീകരിച്ച് മുന്നോട്ട് പോകാൻ കമ്പനിയെ അനുവദിക്കില്ല. കമ്പനിയുടെ പൈപ്പിന് പോലീസ് സംരക്ഷണം നൽകിക്കൊണ്ടുള്ള ഹൈക്കോടതി വിധി, കമ്പനിയുടെ മാലിന്യ പൈപ്പ് കടന്നുപോകുന്നതിൽ സ്ഥലത്തിന്റെ ഉടമസ്ഥരായ സർക്കാർ ഏജൻസികൾക്ക് അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ പൈപ്പ് എടുത്ത് മാറ്റാവുന്നതാണ് എന്ന് പറയുന്നുണ്ട്. നിലവിൽ പുഴയിലേക്ക് മാലിന്യമൊഴുക്കുന്ന കമ്പനിയുടെ പൈപ്പ് പഞ്ചായത്തിന്റെ സ്ഥലത്ത് കൂടിയും കടന്നുപോകുന്നുണ്ട്. കമ്പനിക്ക് എതിരായി നിലകൊള്ളുന്ന പഞ്ചായത്തിന് അത് എടുത്തുമാറ്റുന്നതിനുള്ള സാധ്യതയാണ് ഈ കോടതിവിധിയിലൂടെ തെളിഞ്ഞിരിക്കുന്നത്. എന്നാൽ പഞ്ചായത്ത് ഭരണസമിതി അക്കാര്യത്തിൽ നിലപാട് വ്യക്തമാക്കിയിട്ടില്ല. അത് ഉയർത്തിക്കാണിച്ച് വീണ്ടും സമരത്തിൽ സജീവമാകാനാണ് ആലോചന. വിശദമായ ചർച്ച ആക്ഷൻ കൗൺസിൽ യോഗത്തിൽ നടത്തും. ■